ഭക്ഷ്യവും സിവിൽസപ്ലൈസും , വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ ബി) ചില റേഷൻ കടകളിൽനിന്ന് കൃത്യമായ അളവിൽ സാധനങ്ങൾ കിട്ടുന്നില്ല എന്നുള്ള പരാതികൾ ലഭിക്കാറുണ്ട്. അങ്ങനെ പരാതി ലഭിക്കുന്ന കടകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അടിയന്തിരമായി അന്വേഷിച്ച് വേണ്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാർഷികാദായനികുതി ചുമത്തുന്നതിനുള്ള സമ്പ്രദായം

* 276 [416] ശ്രീ. പി. പി. തങ്കച്ചൻ :
,, കെ. കെ. തോമസ് :
,, ജോസ് കുറിയാനി :
,, കെ. മുഹമ്മദാലി :
,, എ. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായനികുതി ചുമത്തുന്നതിന് നിലവിലുള്ള സമ്പ്രദായം എപ്രകാരമാണ് ;

(ബി) ഈ സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) കാർഷികാദായനികുതി ചുമത്തുന്നത് ഓരോ വർഷത്തിലുമുള്ള കാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി, സി, ഡി) കാർഷികാദായനികുതി, വിൽപ്പനനികുതി നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ജസ്റ്റിസ് ജോർജ് വടക്കേൽ ചെയർമാനായി ടാക്സസ് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ പഠനം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് നൽകിയിട്ടില്ല.

ഹരിജനങ്ങൾക്ക് കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന സഹായങ്ങൾ

* 277 [417] ശ്രീ. പി. കുമാരൻ :
,, കെ. റ്റി. കുണ്ടാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു ;

(ബി) ഇത് ഏതെല്ലാം ഏജൻസികൾ വഴിയാണ് നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly